# ചങ്ങനാശ്ശേരി നഗരസഭ

**കോട്ടയം ജില്ല**
പിൻ കോഡ് – 686101
Phone: 0481-2420044, 2420897, 2421311, e mail: secretarychsry@gmail.com

---

**ഫാറം II**
(ചട്ടം 16(1) കാണുക)

## ചങ്ങനാശ്ശേരി നഗരസഭ കൗൺസിൽ

2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9-ാം ആക്ട്)-ലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ചങ്ങനാശ്ശേരി നഗരസഭയ്ക്കായി അമൃത് 2.0 GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം.

(സർക്കാരിന്റെ 21/11/2022 തീയതിയിലെ GO(Rt) No. 2871/2022/LSGD ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 49 ടൗണുകൾക്കായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചീഫ് ടൗൺ പ്ലാനറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത 49 ടൗണുകളിൽ ചങ്ങനാശ്ശേരി നഗരസഭ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ചീഫ് ടൗൺ പ്ലാനറുടെ 04/07/2024-ലെ LSGD/PD/21775/2023-TCPB3 കത്ത് പ്രകാരം 2021-ലെ കേരള നഗര - ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ ചട്ടം (16) പ്രകാരം അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു.)

2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ചങ്ങനാശ്ശേരി മുൻസിപ്പൽ കൗൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോടുകൂടിയ ഭരണപ്രദേശത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 30-07-2026-തീയതിയിൽ നടന്ന കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ പ്രമേയ പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

വടക്ക്-വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത്
കിഴക്ക്-തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത്
തെക്ക്-പായിപ്പാട് ഗ്രാമ പഞ്ചായത്ത്
പടിഞ്ഞാറ്-പായിപ്പാട് ഗ്രാമ പഞ്ചായത്ത്, വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത്

(ബി) ഭരണപ്രദേശത്തിന്റെ വിസ്തൃതി-13.50 ചതുരശ്ര കിലോമീറ്റർ

2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| സെക്രട്ടറി | ചെയർപേഴ്സൺ |